# കെ.സി.എസ് യുവജനോത്സവം-ഒക്ടോബർ 8 ന്

1. കെ.സി.എസ് യുവജനോത്സവം ഒക്ടോബർ 8ന് ശനിയാഴ്ച രാവിലെ 9 മണിമുതൽ കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.
2. യുവജനോത്സവം - 2016 ന്റെ അംഗീകൃത രജിസ്ട്രേഷൻ ഫോറത്തിൽ 2016 ഒക്ടോബർ 1 നകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ മത്സരത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഇത് മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാണ്.
3. അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫോറത്തോടൊപ്പം ചിക്കാഗോ കെ.സി.എസിന്റെ പേരിലുള്ള ചെക്കായോ ക്യാഷായോ നൽകേണ്ടതാണ്.
4. അപേക്ഷാഫീസ് ഓരോ ഇനങ്ങൾക്കും 10 ഡോളർ വീതമായിരിക്കും. ഗ്രൂപ്പ് ഇനങ്ങൾക്ക് ഓരോ ടീം അംഗവും 10 ഡോളർ വീതം നൽകേണ്ടതാണ്.
5. പുഞ്ചിരി മത്സരത്തിന് 5 ഡോളറായിരിക്കും ഫീസ്
6. ഒരാൾക്ക് പരമാവധി 5 സിംഗിൾ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
7. പങ്കെടുക്കുന്ന കുട്ടികളുടെ സ്കൂൾ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. സബ് ജൂനിയർ (കെ. ജി. - 4), ജൂനിയർ (5 - 8), സീനിയർ (9 - 12) എന്നീ മൂന്ന് വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക.
8. സെക്ഷൻ - എ - നൃത്തം, സെക്ഷൻ - ബി - നൃത്തേതരം, സെക്ഷൻ - സി - ഗ്രൂപ്പ് എന്നിങ്ങനെ 3 വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുന്നു. കലാതിലകം, കലാപ്രതിഭ എന്നീ സ്ഥാനങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നവർ സെക്ഷൻ - എയിലും സെക്ഷൻ ബിയിലും സമ്മാനങ്ങൾ കരസ്ഥമാക്കിയിരിക്കണം. ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സ്ഥാനത്തേക്ക് തുല്യമാർക്ക് വന്നാൽ അവരുടെ സെക്ഷൻ സിയിലെ സമ്മാനനിലയും, പോയിന്റും പരിഗണിക്കുന്നതാണ്. സെക്ഷൻ -എയിലും സെക്ഷൻ ബിയിലും സമ്മാനങ്ങൾ ലഭിക്കാത്തവർ ഉണ്ടാകുന്ന സാഹചര്യത്തിൽ സിംഗിൾ ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്നവരെ മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതാണ്.
9. ഏതെങ്കിലും മത്സര ഇനങ്ങളിൽ രജിസ്ട്രേഷനുള്ള നിശ്ചിത തീയതിയായ 2016 ഒക്ടോബർ 1 ന് മുമ്പ് മൂന്ന് മത്സരാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, പ്രസ്തുത മത്സരം ഇനം ക്യാൻസൽ ചെയ്യുന്നതാണ്. മൂന്ന് രജിസ്ട്രേഡ് മത്സരാർത്ഥികൾ മാത്രമേയുള്ളൂ ഒന്നും രണ്ടും സമ്മാനങ്ങൾ മാത്രം നൽകുന്നതായിരിക്കും. ഏതെങ്കിലും മത്സരങ്ങൾ ക്യാൻസൽ ചെയ്താൽ കെ.സി.എസ്. ഇ - മെയിൽ ഗ്രൂപ്പിലൂടെ 2016 ഒക്ടോബർ 4 ന് മുമ്പായി അറിയിക്കുന്നതായിരിക്കും.
10. 1, 2, 3 സ്ഥാനം ലഭിക്കുന്ന വിജയികൾക്ക് യഥാക്രമം 5,3,1 എന്നീ ക്രമത്തിൽ പോയിന്റ് നൽകുന്നതാണ്.
11. 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന വിജയികൾക്ക് സമ്മാനം നൽകുന്നതായിരിക്കും.
12. മത്സരങ്ങളിലെ ക്രമം, വേദി, മത്സരസമയം എന്നിവയിൽ യഥാസമയം മാറ്റം വരുത്തുന്നതിനുള്ള അധികാരം യുവജനോത്സവക്കമ്മറ്റിക്കായിരിക്കും.
13. മത്സരദിവസം തന്നെ ലഭ്യമാകുന്ന മുറയ്ക്ക് വിജയികളുടെ പേരുവിവരം അറിയിച്ചുകൊണ്ടിരിക്കുന്നതാണ്.
14. മത്സരവിധി നിർണ്ണയത്തിൽ ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും. ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ യുവജനോത്സവക്കമ്മറ്റിയെ മത്സരം നടന്ന് 2 മണിക്കൂറിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
15. മത്സരാർത്ഥികൾ തങ്ങളുടെ ചെസ്റ്റ് നമ്പർ അന്നേദിവസം രാവിലെ 8.30 മുതൽ കമ്മ്യൂണിറ്റി സെന്ററിലെ യൂത്ത് ഫെസ്റ്റിവൽ ഹെൽപ്പ് ഡെസ്കിൽ നിന്നും മേടിക്കേണ്ടതാണ്. മത്സരങ്ങളുടെ ഏകദേശസമയം കെ. സി. എസ് ഇ - മെയിൽ ഗ്രൂപ്പിലൂടെ നേരത്തെ അറിയിക്കുന്നതായിരിക്കും. മത്സരാർത്ഥികൾ കൃത്യസമയത്തുതന്നെ വരേണ്ടതാണ്.
16. ഫ്രാൻസിഡ്രസ് മത്സരത്തിൽ പഞ്ചാത്തലശബ്ദം അനുവദനീയമല്ല. മത്സരാർത്ഥികൾക്ക് കഥാപാത്രത്തിന് അനുയോജ്യമായ സംഭാഷണം സ്റ്റേജിൽ വരുത്താവുന്നതാണ്.
17. രജിസ്ട്രേഷൻ ഫോറം ലഭിക്കുന്ന മുറയ്ക്ക് ഇ - മെയിൽ അക്നോളജ്മെന്റ് അയക്കുന്നതാണ്.
18. രജിസ്ട്രേഷൻ ഫോറം സെപ്റ്റംബർ 12 മുതൽ കെ. സി. എസ് വെബ്സൈറ്റിൽ നിന്നും ലഭ്യമായിരിക്കും.
19. പ്രസംഗവിഷയം, സ്പെല്ലിംഗ് ബീ വേർഡ്സ് എന്നിവ കെ. സി. എസ്. വെബ്സൈറ്റിൽ നിന്നും സെപ്റ്റംബർ 20 മുതൽ ലഭ്യമായിരിക്കും. www.kcschicago.com
20. വിശദവിവരങ്ങൾക്ക് ഡെന്നി പുല്ലാപ്പള്ളിയുമായി ബന്ധപ്പെടുക.

    (Entertainment committee chairperson) (847)644-9418. E-mail: elizabethjacob2@yahoo.com

    Jwoyal Elakkatt (jwoyalsimon@hotmail.com 847 - 532 - 2135

    Joby Oliyil (Jobi_abraham@yahoo.com) 630-520-8173